ശ്രീമതി വൽസാ ജോസിനുവേണ്ടി ശ്രീ. ജോസ് മോനാച്ചേരി നൽകിയ മൊഴിയുടെ പകർപ്പ് അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു. *

പാലക്കാട് നഗരത്തിന്റെ നിലവിലുള്ള മാസ്റ്റർ പ്ലാൻ

162 (4786) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരത്തിന്റെ നിലവിലുള്ള മാസ്റ്റർപ്ലാൻ ഏതു വർഷം മുതലാണ് പ്രാബല്യത്തിൽ വന്നത് എന്നറിയിക്കുമോ ;

(ബി) മാസ്റ്റർ പ്ലാൻ പുതുക്കാത്തുതുമൂലം പല നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മാസ്റ്റർ പ്ലാനിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ഇ) വീട് വയ്ക്കുന്നതിനായി നികത്തിയ കൃഷിഭൂമി വാങ്ങിയവർക്കായി പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകുമോ ;

(എഫ്) മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ;

(ജി) മാസ്റ്റർ പ്ലാൻ പുതുക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് മാസ്റ്റർ പ്ലാൻ 1986-ലാണ് പ്രാബല്യത്തിൽ വന്നത്. ഈ മാസ്റ്റർ പ്ലാനിന്റെ പുതുക്കിയ മേഖലാ ചട്ടങ്ങൾ 2009 നവംബർ 11-ന് പ്രാബല്യത്തിൽ വന്നു.

(ബി) മാസ്റ്റർ പ്ലാൻ പുതുക്കാത്തതുമൂലം പല നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പരിഷ്ക്കരിക്കുകയും 2009 നവംബർ 11-ലെ ഉത്തരവു പ്രകാരം പുതുക്കിയ മേഖലാ ചട്ടങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. വ്യവസ്ഥകൾക്ക് വിധേയമായി മുനിസിപ്പൽ സെക്രട്ടറി കൺവീനറായും മുനിസിപ്പൽ ചെയർമാൻ, ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായിട്ടുമുള്ള കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസോടുകൂടി വേണം ഇത്തരം നിർമ്മാണങ്ങൾക്കുള്ള അപേക്ഷകൾ പരിഗണിക്കേണ്ടത് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(എഫ്) പാലക്കാടിനു വേണ്ടിയുള്ള പുതിയ മാസ്റ്റർ പ്ലാനിന്റെ ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ലാൻഡ് യൂസ് സർവ്വേയും, ഡാറ്റാ കളക്ഷനും ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ജി) പുതുക്കിയ മാസ്റ്റർ പ്ലാൻ 18 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

കൊച്ചിയിൽ പുഴയോര പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഹൗസ് നമ്പർ

163 (4787) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ കോർപ്പറേഷൻ പുഴയോര പുറമ്പോക്കുകളിൽ പട്ടയമില്ലാതെ താമസിക്കുന്ന എത്ര പേർക്ക് അൺഓതറൈസ്ഡ് ഹൗസ് നമ്പർ നൽകിയിട്ടുണ്ടോ ; ഇത് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നമ്പർ ഇട്ടുകൊടുത്തിട്ടുള്ളവർക്ക് കോർപ്പറേഷൻ എ.എ നമ്പർ വച്ച് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നുണ്ടോ ; ഇവരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 822 പേർക്ക് അൺഓതറൈസ്ഡ് ഹൗസ് നമ്പർ നൽകിയിട്ടുണ്ട്. ഡിവിഷൻ തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ഡിവിഷൻ	എണ്ണം
(1)	(2)
11	59
15	39
17	116
18	218
19	18

LIBRARY ARCHIVES Kerala Legislative Assembly